# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1393 13.12.2012 - ൽ മറുപടിയ്ക്ക്

### സിവിൽ സ്റ്റേഷൻ നിർമ്മാണ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ബി. സത്യൻ | | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) | കിളിമാനൂർ സിവിൽ സ്റ്റേഷൻ നിർമ്മാണവും ആറ്റിങ്ങൽ സിവിൽ സ്റ്റേഷൻ രണ്ടാംഘട്ട നിർമ്മാണവും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ; | (എ) | (i) കിളിമാനൂർ സിവിൽ സ്റ്റേഷനു വേണ്ടി നിർമ്മിക്കുന്ന മൂന്നു നില കെട്ടിടത്തിന്റെ 90% പ്രവർത്തികളും പൂർത്തീയായിക്കഴിഞ്ഞിട്ടുണ്ട്.<br>(ii) ആറ്റിങ്ങൽ സിവിൽ സ്റ്റേഷൻ കെട്ടിടത്തിന്റെ രണ്ടാം ഘട്ടം നിർമ്മാണ പ്രവർത്തനങ്ങൾ (സിവിൽ വർക്ക്സ്) പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. |
| (ബി) | ഇവ ഓരോന്നിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളത് ; ഓരോന്നിന്റെയും കരാർ തുക എത്രയാണ് ; ഓരോന്നിനും ഇതുവരെ എന്ത് തുക വീതം ചെലവഴിച്ചിട്ടുണ്ട് ; | (ബി) | (i) കിളിമാനൂർ സിവിൽ സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണം 2013 ജനുവരി മാസം പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. കരാർ തുക - ₹ 5,20,86,954/-<br>ഇതുവരെ ചെലവഴിച്ച തുക - ₹ 2,79,33,327/-<br>(ബിൽ പേയ്മെന്റ് പ്രകാരം)<br>(ii) ആറ്റിങ്ങൽ സിവിൽ സ്റ്റേഷൻ രണ്ടാം ഘട്ടം നിർമ്മാണ പ്രവർത്തനങ്ങൾ 2013 ജനുവരി 31 ന് മുമ്പ് പൂർത്തിയാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കരാർ തുക - ₹ 4,37,79,009/-<br>ഇതുവരെ ചെലവഴിച്ച തുക - ₹ 2,76,36,074/- |

(സി) ഓരോ പ്രവൃത്തിയുടേയും കരാർ ഏറ്റെടുത്തിരിക്കുന്ന വ്യക്തികളുടെ പേരുവിവരം ലഭ്യമാക്കുമോ?

(സി) (i) കിളിമാനൂർ സിവിൽ സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണം ഏററെടുത്തിരിക്കുന്നത് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനാണ്.

(ii) ആറ്റിങ്ങൽ സിവിൽ സ്റ്റേഷൻ (രണ്ടാം ഘട്ടം) നിർമ്മാണം ഏറ്റെടുത്തിരിക്കുന്നത് ശ്രീ.കെ.ജെ. ജോസഫ്, (പാർട്ട്ണർ) M/S കെ.വി. ജോസഫ് & സൺസ് എൻജിനീയറിംഗ് കോൺട്രാക്ടേഴ്സ് ഇടപ്പള്ളി പി.ഒ. കൊച്ചി-24 എന്ന സ്ഥാപനമാണ്.

**സെക്ഷൻ ഓഫീസർ**